(സി) ഉണ്ട്. ജനുവരി 2000 വരെയുള്ള ചെലവ്, 1999 ജനുവരി വരെയുള്ള ചെലവുമായി താരതമ്യം ചെയ്തതിൽ കുറവുള്ളതായി കണ്ടിട്ടില്ല. രണ്ടു വർഷങ്ങളിലും ചെലവ് 57 ശതമാനമായിരുന്നു.

(ഡി) വിവിധ വകുപ്പുകൾ 31-1-2000 വരെ ചെലവാക്കിയ തുകയുടെ ശതമാനം അനുബന്ധമായി കൊടുക്കുന്നു.†

41 (2343) അനർട്ടിൽ വിവിധ തസ്തികകളിലേക്കുള്ള പരീക്ഷ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ടിൽ വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചത് എന്നാണ്;

(ബി) ഓരോ തസ്തികയ്ക്കും നിശ്ചയിച്ച അപേക്ഷാഫീസ് പ്രകാരം എന്ത് തുക അനർട്ടിന് ലഭിച്ചു;

(സി) എത്രപേർ ഓരോ കാറ്റഗറിയിലും അപേക്ഷിച്ചിട്ടുണ്ട്;

(ഡി) ഈ അപേക്ഷപ്രകാരം അപേക്ഷ സമർപ്പിച്ചവരിൽ നിന്നും അർഹമായവരെ തെരഞ്ഞെടുക്കാനുള്ള പരീക്ഷ നടത്തുകയുണ്ടായോ;

(ഇ) എങ്കിൽ എന്നാണ് പരീക്ഷ നടത്തിയതെന്നും എത്രപേരെ തെരഞ്ഞെടുത്തു എന്നും വ്യക്തമാക്കാമോ;

(എഫ്) പരീക്ഷ ഇതുവരെ നടത്തിയില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും എന്നത്തേക്ക് പരീക്ഷ നടത്താനും അർഹരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാനും സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 9-11-98-ൽ.

(ബി) രൂപ. 5,73,529/-

(സി) അസിസ്റ്റന്റ് ഗ്രേഡ്-II, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ ഗ്രേഡ്-II, ക്ലാർക്ക്-ടൈപ്പിസ്റ്റ് എന്നീ കാറ്റഗറികളിലെല്ലാം കൂടി മൊത്തം 14,762 പേർ അപേക്ഷിച്ചിട്ടുണ്ട്.

(ഡി)(ഇ)&(എഫ്) ഈ സ്ഥാപനം 1959-ലെ സി.എൻ.വി. ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ പത്രപരസ്യം മുഖേന നേരിട്ട് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത് സംബന്ധിച്ച് ചില സാങ്കേതിക തടസ്സം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച ഡിവിഷണൽ എംപ്ലോയ്മെന്റ് ആഫീസറുടെ കത്ത് സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തതിനുശേഷം മാത്രമേ പരീക്ഷ നടത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly